# പതിനാലാം നിയമസഭ

## ഒൻപതാം സമ്മേളനം

## 2018 ജനുവരി 24, ബുധൻ

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾ

### ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : **ശ്രീ കെ എം മാണി**

മറുപടി : ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി **ശ്രീ. തോമസ് ഐസക്**

| ചോദ്യം നം. 534 | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കാനുദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികൾ വഴിയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി 24.04.2017-ാം തീയതിയിലെ സ.ഉ.(അച്ചടി) നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെങ്കിലും ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയയെക്കുറിച്ചുള്ള പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ. |
| (ബി) | കേരളത്തിന് പുറത്തുള്ള ഏതെല്ലാം ആശുപത്രികളെയാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങളെയാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത രോഗങ്ങൾ ഉണ്ടെങ്കിൽ അവ ഏതെന്ന് വിശദമാക്കാമോ; | |
| (ഡി) | പ്രസ്തുത പദ്ധതി പ്രകാരം ഒ.പി. ചികിത്സയ്ക്കുള്ള ഇൻഷ്വറൻസ് പരിധി എത്രയാണെന്ന് വെളിപ്പെടുത്താമോ? | |

സെക്ഷൻ ഓഫീസർ